# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വളപട്ടണം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി-5/770/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/08/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വളപട്ടണം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-7-1,1-7-2,1-7-3,1-22,1-25,1-27,1-27-1,1-30 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി-5/770/2021 തീയ്യതി: 17/08/2021

## കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 30-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 16-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു ടി.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ എം.വി., ഓഡിറ്റർ
ശ്രീമതി നിഖില എ.എം., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീമതി വി കെ ലളിതാദേവി | പ്രസിഡന്റ് | 01-04-2020 | 04-11-2020 |
| ശ്രീമതി പി പി ഷമീമ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പ്രീജിത്ത്.എൻ. | സെക്രട്ടറി | 01-04-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റമീസ ഇ എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുനുമോൾ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 11-11-2020 |
| ശ്രീമതി.ജിൻസിമോൾ ജോർജ്ജ് കെ. | ഐ സി ഡി എസ് സൂപ്പർവൈസർ | 12-11-2020 | 31-03-2021 |
| ഡോ.ജ്യോതിസ്.വി.പി. | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ധന്യ.കെ. | മെഡിക്കൽഓഫീസർ(ആയുർവേദ) | 01-04-2020 | 31-03-2021 |
| ഡോ.അനുഷ.ഇ.വി. | മെഡിക്കൽഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ജുംജുമി | മെഡിക്കൽഓഫീസർ(പി എച്ച് സി) | 01-04-2020 | 31-03-2021 |
| ശ്രീമതി സീമ ഡി | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീ.ആഷിഫ്.എം എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 16-02-2021 |
| ശ്രീമതി നവ്യ വേണുഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 17-02-2021 | 08-03-2021 |
| ശ്രീ ഉല്ലാസൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 09-03-2021 | 31-03-2021 |
| ശ്രീ.അനിൽ പി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

05.11.2020 മുതൽ 20.12.2020 വരെ സെക്രട്ടറി, കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരടങ്ങിയ ഭരണ നിർവ്വഹണ സമിതി നിലവിൽ വന്നു. പ്രസ്തുത കാലയളവിൽ ഭരണസമിതി യോഗം ചേരുകയോ മിനുട്സ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 21.12.2020-ന് പുതിയ ഭരണസമിതി സത്യപ്രതിജ്ഞ ചെയ്തു.

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu T P (Audit Officer, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിക്കുന്നതിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 31-07-2021)<br>Last Updated By: Sindhu T P (Audit Officer, On 31-07-2021) | 1-1-1 |
| 3 | ജന്റർ ബജറ്റ് തയ്യാറാക്കിയിട്ടില്ല<br>Written By: Sindhu T P (Audit Officer, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-1-2 |
| 4 | റിവൈസ്ഡ് ബജറ്റ് പാസാക്കിയിട്ടില്ല<br>Written By: Sindhu T P (Audit Officer, On 31-07-2021)<br>Last Updated By: Sindhu T P (Audit Officer, On 31-07-2021) | 1-1-3 |
| 5 | വാർഷിക ധനകാര്യ പത്രിക<br>Written By: Sindhu T P (Audit Officer, On 31-07-2021)<br>Last Updated By: Sindhu T P (Audit Officer, On 31-07-2021) | 1-2 |
| 6 | വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ -വിനിയോഗിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 1-2-1 |
| 7 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ - കാലികമാക്കിയിട്ടില്ല<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 1-2-2 |
| 8 | അസറ്റ്/ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-2-3 |
| 9 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-2-4 |
| 10 | തെറ്റായ അക്കൗണ്ട് ഹെഡിൽ രേഖപ്പെടുത്തിയത്<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 1-2-5 |
| 11 | ഫിക്സഡ് ഡെപ്പോസിറ്റ് - അക്രൂവ്ഡ് ഇന്ററസ്റ്റ് രേഖപ്പെടുത്തിയതിൽ കുറവു വന്നത്<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-2-6 |
| 12 | സംക്ഷിപ്തം ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 1-2-7 |
| 13 | സാമ്പത്തിക നില<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-3 |
| 14 | ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-4 |
| 15 | പദ്ധതി അവലോകനം<br>Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Dhanya.M.V (Auditor, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-6 |

| | | |
|---|---|---|
| 17 | ക്ഷേമപദ്ധതികൾ<br>Written By: Dhanya.M.V (Auditor, On 30-07-2021)<br>Last Updated By: Dhanya.M.V (Auditor, On 30-07-2021) | 1-7 |
| 18 | വാർധക്യകാല പെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കിയില്ല<br>Written By: Dhanya.M.V (Auditor, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-7-1 |
| 19 | വിധവാ പെൻഷൻ-മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ കാലതാമസം<br>Written By: Dhanya.M.V (Auditor, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-7-2 |
| 20 | സാമൂഹ്യസുരക്ഷാ പെൻഷൻ- കൃഷി വകുപ്പിൽ നിന്നുള്ള പെൻഷൻ-2020 സെപ്തംബറിൽ മരണപ്പെട്ട ഗുണഭോക്താവിന് ഇപ്പോഴും നല്കുന്നു<br>Written By: Dhanya.M.V (Auditor, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-7-3 |
| 21 | ക്യാഷ് ബാലൻസ്<br>Written By: Sindhu T P (Audit Officer, On 31-07-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-9 |
| 23 | കമ്മറ്റികൾ<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-9-1 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-10 |
| 25 | ഗ്രാമസഭ<br>Written By: Nikhila A.M. (Auditor, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-11 |
| 26 | വസ്തുനികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ<br>Written By: Dhanya.M.V (Auditor, On 31-07-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 1-12 |
| 27 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഈടാക്കിയതിലെ അപാകങ്ങൾ<br>Written By: Nikhila A.M. (Auditor, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-13 |
| 28 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-14 |
| 29 | തനത് ഫണ്ട് ചെലവ്-രേഖകൾ ഹാജരാക്കിയില്ല.<br>Written By: Reena Pittan (Asst. Audit Officer, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-15 |
| 30 | സ്ട്രീറ്റ് ലൈറ്റ് എ എം സി-രേഖകൾ ഹാജരാക്കിയില്ല-115310രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു<br>Written By: Reena Pittan (Asst. Audit Officer, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-16 |
| 31 | തെരുവ് വിളക്കിന് ലൈൻ വലിക്കൽ - പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Reena Pittan (Asst. Audit Officer, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-17 |
| 32 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-18 |

| | | |
|---|---|---|
| | Written By: Reena Pittan (Asst. Audit Officer, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | |
| 33 | എസ്. എസ് എ വിഹിതം നൽകൽ - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Reena Pittan (Asst. Audit Officer, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-19 |
| 34 | കുട്ടികളുടെ ലൈബ്രറി-പദ്ധതി നിർവ്വഹണം പൂർത്തിയായില്ല- ചെലവ് തുക42153 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-20 |
| 35 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ- രേഖകൾ ഹാജരാക്കിയിട്ടില്ല-119400രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-21 |
| 36 | വാഹനങ്ങളുടെ പരിപാലനം<br>Written By: Reena Pittan (Asst. Audit Officer, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-22 |
| 37 | കുടിവെള്ള വിതരണം മുഴുവൻ രേഖകളും ഹാജരാക്കിയില്ല<br>Written By: Reena Pittan (Asst. Audit Officer, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-23 |
| 38 | ആയുർവ്വേദാശുപത്രിക്ക് മരുന്നു വാങ്ങൽ- 47362 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Dhanya.M.V (Auditor, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-24 |
| 39 | പാലിയേറ്റീവ് പരിചരണം ഗുണഭോക്തൃ ലിസ്റ്റ് - വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.<br>Written By: Dhanya.M.V (Auditor, On 29-07-2021)<br>Last Updated By: Dhanya.M.V (Auditor, On 29-07-2021) | 1-25 |
| 40 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ-50000രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Dhanya.M.V (Auditor, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-26 |
| 41 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങളും രജിസ്റ്ററുകൾ സൂക്ഷിക്കാത്തതും<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-27 |
| 42 | രജിസ്റ്റർ സൂക്ഷിപ്പ്<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-27-1 |
| 43 | അസിസ്റ്റന്റ് എഞ്ചിനീയർ- മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാത്തതും മറ്റ് അപാകങ്ങളും<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 1-28 |
| 44 | പ്ലാസ്റ്റിക്ക് ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-29 |
| 45 | മഹമൂദ് റോഡിൽ റിസ്റ്റോറേഷൻ റീ ടാറിംഗ്- പിഴ ഈടാക്കിയതിൽ കുറവു വന്നതും മറ്റ് അപാകങ്ങളും-1422 രൂപ ഈടാക്കേണ്ടതാണ്<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Sindhu T P (Audit Officer, On 02-08-2021) | 1-30 |
| 46 | ഇന്ത്യൻ ഓവർസീസ് ബാങ്ക് പിൻവലിക്കൽ പരിധി ലംഘിച്ചതിനാൽ ടി ഡി എസ് ഈടാക്കിയത്- തുക തിരികെ | 1-31 |

| | | |
|---|---|---|
| | ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | |
| 47 | ദുരന്ത നിവാരണ പദ്ധതി -അവലോകനം<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം/ഇൻവെസ്റ്റ്മെന്റ്<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu T P (Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ് | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 20.03.2020 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2,32,52,021 | ബജറ്റ് പുതുക്കേണ്ടതുണ്ടെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സിലും ഭരണസമിതി മിനുട്സിലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല . |
| വരവ് | 6,79,28,400 | |
| ആകെ | 9,11,80,421 | |
| ചെലവ് | 6,63,31,400 | |
| നീക്കിയിരിപ്പ് | 2,48,49,021 | |

### 1-1-1 ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിക്കുന്നതിലെ അപാകങ്ങൾ

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 2.12.19 തീയതിയിലെ 51(2)/19 നമ്പർ തീരുമാനത്തിൽ ബജറ്റ് നിർദ്ദേശങ്ങൾ നൽകാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കത്തു നല്കാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 06.01.2020 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 52(3)/20 നമ്പർ തീരുമാനത്തിൽ അതാത് സ്റ്റാൻഡിംഗ് കമ്മറ്റികൾ അംഗീകരിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിച്ച ബജറ്റ് നർദ്ദേശങ്ങൾ പരിശോധിച്ച് ഭരണസമിതിയിൽ അവതരിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികളിൽ നിന്നും വാർഷിക പദ്ധതി നിർദ്ദേശങ്ങൾ വന്നിട്ടുണ്ടെങ്കിലും ഘടക സ്ഥാപനങ്ങളുടെ പ്രതീക്ഷിത വരവു ചെലവുകൾ പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ബജറ്റ് നിർദ്ദേശങ്ങൾ നല്കിയതായി മിനുട്സ് ചെയ്യപ്പെട്ടിട്ടില്ല. ബജറ്റ് ഫയലിലും ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ല.

ബജറ്റ് നിർദ്ദേശങ്ങൾ നല്കുന്നതിനായി ഘടകസ്ഥാപനങ്ങൾക്ക് കത്തു നല്കിയിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥരും സ്ഥാപനമേധാവികളും നിശ്ചിത മാതൃകയിൽ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ലെന്നാണ് ബജറ്റ് ഫയലിൽ നിന്നും വ്യക്തമാകുന്നത്.

17.03.2020 ലെ 55/2020 നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തയ്യാറാക്കി അംഗീകരിച്ച ബജറ്റ് നിർദ്ദേശങ്ങൾ അതേപടി 20.03.2020 ലെ ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുകയും അതേ തീയതിയിൽ തന്നെ ചേർന്ന മറ്റൊരു യോഗത്തിൽ ബജറ്റ് അംഗീകരിക്കുകയുമാണ് ചെയ്തത്. ബജറ്റ് ചർച്ചകൾ സംബന്ധിച്ച യാതൊരു വിവരവും ഭരണസമിതി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-2 ജന്റർ ബജറ്റ് തയ്യാറാക്കിയിട്ടില്ല

ജന്റർ ബജറ്റും പെർഫോമൻസ് ബജറ്റും തയ്യാറാക്കിയിട്ടില്ല എന്നത് അപാകമാണ്. സ്ത്രീപുരുഷാനുപാതത്തിന് ആനുപാതികമായും വനിതാ പ്രാതിനിധ്യം ഉറപ്പു വരുത്തിക്കൊണ്ടും ക്ഷേമപദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-1-3 റിവൈസ്ഡ് ബജറ്റ് പാസാക്കിയിട്ടില്ല

വരവു ചെലവുകളിൽ മാറ്റം വന്നതിനാൽ റിവൈസ്ഡ് ബജറ്റ് തയ്യാറാക്കേണ്ടതുണ്ടെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 03.02.2020 ലെ 11/21 നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സിലോ ഭരണസമിതി മിനുട്സിലോ രേഖപ്പെടുത്തിയിട്ടില്ല.

ബജറ്റ് മാന്വലിൽ നിർദ്ദേശിച്ച സമയപരിധി പാലിച്ചു കൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിലെ വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോകേണ്ടതും ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 05.07.2021 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.06.21 തീയതിയിലെ 03/21 നമ്പർ തീരുമാന പ്രകാരമാണ് 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ -വിനിയോഗിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല

1.ജില്ലാ പഞ്ചായത്തിൽ നിന്നും 2018-19 സാമ്പത്തിക വർഷം പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ള 47832 രൂപ നാളിതു വരെ തിരിച്ചടച്ചിട്ടില്ല.തുക സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

2.ബ്ലോക്ക് വിഹിതമിനത്തിൽ 2019-20 വരെ ലഭിച്ച തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന 85242രൂപ നാളിതുവരെ തിരിച്ചടച്ചിട്ടില്ല. തുക സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

3.ഉമ്പൂർമുഴി ഏറോബിക്ക് കമ്പോസ്റ്റ് യൂനിറ്റ് സ്ഥാപിക്കുന്നതിനായി ശുചിത്വമിഷനിൽ നിന്നും 2017-18 സാമ്പത്തിക വർഷം ലഭിച്ച 480000രൂപ , സ്ഥലപരിമിതി കാരണം പദ്ധതി നടപ്പാക്കാൻ കഴിയില്ല എന്ന കാരണത്താൽ തിരിച്ചടക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും നാളിതു വരെ തുക തിരിച്ചടച്ചിട്ടില്ല.

### 1-2-2 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ - കാലികമാക്കിയിട്ടില്ല

കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുക കാലികമാക്കാതെ എല്ലാ വർഷവും ഒരേ തുക തന്നെയാണ് ചേർക്കുന്നത്.

### 1-2-3 അസറ്റ്/ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല

ബി 11,ആർ പി 38, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് തുടങ്ങിയവയിൽ രേഖപ്പെടുത്തിയ അസറ്റ്/ഡിപ്രീസിയേഷൻ ഇനങ്ങളുടെ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. തൻവർഷം സൃഷ്ടിച്ച ആസ്തികളെല്ലാം ആർ പി 38 ൽ വന്നതായി കാണുന്നില്ല.

### 1-2-4 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- 2020-21 സാമ്പത്തിക വർഷം കാപ്പിറ്റൽ സ്വഭാവമുള്ള പ്രവൃത്തികളിൽ പാർട്ട് പേമെന്റ് വന്നിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത കണക്കിനത്തിൽ തുക രേഖപ്പെടുത്തിയിട്ടില്ല.

### 1-2-5 തെറ്റായ അക്കൗണ്ട് ഹെഡിൽ രേഖപ്പെടുത്തിയത്

ഓഡിറ്റ് വർഷം ഇന്ത്യൻ ഓവർസീസ് ബാങ്കിൽ നിന്നും11827 ടി ഡി എസ് ഇനത്തിൽ (സെക്ഷൻ 194 എൻ പ്രകാരം) ഈടാക്കിയ തുകയായ 620026രൂപ ബാങ്ക് ചാർജ്ജസ് എന്ന കണക്കിനത്തിലാണ് രേഖപ്പെടുത്തിയത്.

### 1-2-6 ഫിക്സഡ് ഡെപ്പോസിറ്റ് - അക്രൂവ്ഡ് ഇന്ററസ്റ്റ് രേഖപ്പെടുത്തിയതിൽ കുറവു വന്നത്

ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിലുള്ള 2 കോടി രൂപയുടെ അക്രൂവ്ഡ് ഇന്ററസ്റ്റ് മുഴുവനായും ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 1 കോടി രൂപ വീതമുള്ള രണ്ട് ഫിക്സഡ് ഡെപ്പോസിറ്റുകൾ ഉള്ളതിൽ 12/2019 ന് നിക്ഷേപിച്ച തുകയുടെ അക്രൂവ്ഡ് ഇന്ററസ്റ്റ് മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയത്. 4/2020 ന് നിക്ഷേപിച്ച തുകയുടെ അക്രൂവൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 1/20-21 തീയതി 14.07.2021 ന് മറുപടിയായി അടുത്ത സാമ്പത്തിക വർഷം ശരിയാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-2-7 സംക്ഷിപ്തം ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും

1.വരവ് രജിസ്റ്ററുകളുടെ സംക്ഷിപ്തം -സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് - പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. പലവക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോറം സെയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.മണൽ ഇനത്തിൽ പോർട്ടിൽ നിന്ന് ലഭ്യമാകുന്നതും ചെലവഴിക്കുന്നതുമായ തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല.

2.ബാലൻസ് ഷീറ്റിലെ ബി 9 ഷെഡ്യൂളിൽ ജിഎസ് ടി , വാറ്റ് ഇനങ്ങളിലുള്ള തുക ഒടുക്കുവാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് താമസം വിനാ ഒടുക്കു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 2,72,70,261 |
| വരവ് | 7,84,01,902 |
| ആകെ | 10,56,72,163 |
| ചെലവ് | 9,13,92,091 |
| നീക്കിയിരിപ്പ് | 1,42,80,072 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,422 |
| ചെലവിനങ്ങളിലുള്ള നഷ്ടം | .. |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 8,96,889 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 3925800+ 394210 (ജി.ഒ. പ്രോജക്ട്) | 4320010 | 4280656 | 39354 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 444000 | 444000 | 382522 | 61478 |
| സംരക്ഷണ ഗ്രാന്റ് , റോഡ് (ACR പ്രകാരം) | 0 | 1413000 | 1413000 | 1324315 | 88685 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം (ACR പ്രകാരം) | 0 | 3456681+ 35319(GO Project) | 3492000 | 2577899+ 35319(GO Project) = 2613218 | 878782 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)-ടൈഡ് ഗ്രാന്റ് | 0 | 15,10,000 | 15,10,000 | 5,23,335 | 9,86,665 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്-ബേസിക്ക് | 0 | 36,72,623 | 36,72,623 | 20,15,128 | 16,57,495 |
| ദുരിതാശ്വാസനിധി | 73,189 | 20,246 | 93,435 | 0 | 93435 |
| ടോട്ടൽ സാനിറ്റേഷൻ കാംപെയ്ൻ | 314571 | 305300 | 619871 | 289375 | 330496 |
| ഐസിഡിഎസ്-കേന്ദ്രവിഹിതം | 539448 | 533589 | 1073037 | 406567 | 666470 |
| എം പി ഫണ്ട് | 2432 | 79 | 2511 | 86 | 2425 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 90000 | 682755 | 772755 | 710442 | 62313 |
| ലൈബ്രറി ഗ്രാന്റ് | 12002 | 73700 | 85702 | 37718 | 47984 |
| സാക്ഷരത | 99682 | 2517 | 102199 | 101174 | 1025 |
| ആശ്രയ മുതലായവ | 43607 | 10000 | 53607 | 10000 | 43607 |

തനതു ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് തുടങ്ങിയവയുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ പ്രത്യേകമായി രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

ഐ.കെ.എം. തയ്യാറാക്കി ഗ്രാമപഞ്ചായത്ത് സാക്ഷ്യപ്പെടുത്തിയ പദ്ധതിയേതര ഗ്രാന്റ് വിനിയോഗ പത്രിക പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വിനിയോഗ വിവരങ്ങൾ പരിശോധന നടത്തി ബോദ്ധ്യപ്പെട്ടതിന് വിധേയമായി അനുബന്ധം 2 സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 125 | 37027546 | 91 | 21181825 | 15 | 34 | 76 | 60.8 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 1534000 | 1444920 | 94.19 |
| വെറ്റിനറി സർജൻ | 6 | 6 | 473800 | 466202 | 98.4 |
| മെഡിക്കൽ ഓഫീസർ,പിഎച്ച്സി | 8 | 7 | 2049000 | 1258802 | 61.43 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 5,99,000 | 4,52,956 | 75.62 |
| മെഡിക്കൽ ഓഫീസർ-ആയുർവേദ | 2 | 2 | 850000 | 740188 | 87.08 |
| വിഇഒ | 9 | 9 | 5334420 | 2591624 | 48.58 |
| ഐസിഡിഎസ് സൂപ്പർവൈസർ | 4 | 3 | 1453975 | 1275542 | 87.7 |
| സെക്രട്ടറി | 28 | 17 | 4933371 | 2623132 | 53.17 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 53 | 35 | 19626877 | 10245937 | 52.2 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 2 | 173103 | 82522 | 47.67 |
| ആകെ | 125 | 91 | 37027546 | 21181825 | 57.21 |

പദ്ധതി ചെലവ് 57.21% മാത്രമാണ്. പദ്ധതികളുടെ ആവശ്യകതയും പ്രായോഗികതയും പരിശോധിച്ച ശേഷം പദ്ധതികൾ രൂപീകരിക്കാനും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പ്രവർത്തന കലണ്ടർ പാലിക്കാനും ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

വി ഇ ഒ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവു ശതമാനം വളരെ കുറവാണ്. കൃത്യമായ ആസൂത്രണത്തിലൂടെ പദ്ധതി നിർവ്വഹണം ക്രമീകരിക്കാനും പദ്ധതിപ്പണം പാഴാവാതിരിക്കാനും ഉതകുന്ന തരത്തിലുള്ള നയപരിപാടികൾ സ്വീകരിക്കേണ്ടതും നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ ഏറ്റെടുക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

പദ്ധതി അടങ്കലിന്റെ 57.21 ശതമാനം മാത്രമാണ് ചെലവു ചെയ്യാൻ സാധിച്ചത് എന്നത് ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിലെ അപാകമായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി നിർദ്ദേശങ്ങൾ നല്കുന്നതിനായി മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ സമ്മേളിക്കുന്നത് എന്നാണ് മിനുട്സ് പരിശോധനയിൽ വ്യക്തമായത്. പദ്ധതി നിർവ്വഹണ ഘട്ടത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ യാതൊരു പങ്കും വഹിക്കുന്നില്ല എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിലേക്ക് ഈ വിഷയം അതാത് സ്റ്റാൻഡിംഗ് കമ്മറ്റികളുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3582 | 108 | 3690 | .. | 3690 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് -സാധനഘടകം ഉൾപ്പെടെ | 0 | 170000 | 170000 | 170000 | 0 |
| | 3582 | 170108 | 173690 | 170000 | 3690 |

ഗ്രാമപഞ്ചായത്തിൽ എം എൻ ആർ ഇ ജി എസ് വിഭാഗത്തിൽ ജീവനക്കാർ ഇല്ല. ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാരാണ് ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതും മറ്റ് ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതും. അതുകൊണ്ടു തന്നെ ഗ്രാമപഞ്ചായത്തിൽ ഭരണച്ചെലവ് വരുന്നില്ല.മുന്നിരിപ്പായി കാണിച്ച തുക പദ്ധതി തുടങ്ങിയ ഘട്ടത്തിൽ ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ളതാണ്.

എം എൻ ആർ ഇ ജി എസ് - അവലോകനം

ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി കാര്യമായ പദ്ധതികളൊന്നും നടപ്പാക്കുന്നില്ല. വ്യക്തിഗത ആനുകൂല്യങ്ങൾക്കു വേണ്ടിയുള്ള അപേക്ഷകൾ മാത്രമാണ് ലഭിച്ചു വരുന്നത്.

2020-21 സാമ്പത്തിക വർഷം 19 കുടുംബങ്ങളാണ് തൊഴിൽ ആവശ്യപ്പെട്ടത്. 16 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. 353 തൊഴിൽ ദിനങ്ങളാണ് നല്കിയത്. ഒരു കുടുംബം മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചത്. ആകെ രജിസ്റ്റർ ചെയ്തത് 220 കുടുംബങ്ങളാണെന്നിരിക്കെ തൊഴിലുറപ്പു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. പദ്ധതി വിജയിപ്പിക്കുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ആക്ഷൻ പ്ലാൻ ഹാജരാക്കിയിട്ടില്ലാത്തതിനാൽ വിഭാവനം ചെയ്ത തൊഴിൽ ദിനങ്ങളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 39800 | 2 |
| വിധവാപെൻഷൻ | 5104700 | 274 |
| വാർദ്ധക്യകാലപെൻഷൻ | 10961500 | 599 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 1826700 | 96 |
| അമ്പത് വയസ്സിനു മുകളിലുള്ള | 154900 | 10 |

| അവിവാഹിതകൾക്കുള്ള പെൻഷൻ | | |
|---|---|---|

## 1-7-1 വാർധക്യകാല പെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരമുള്ള , മരണപ്പെട്ട വ്യക്തികളുടെ ആധാർ നമ്പർ സേവന വെബ്സൈറ്റിൽ റാൻഡം ചെക്കിംഗ് നടത്തിയപ്പോൾ താഴെ പറയുന്ന ദേശീയ വാർധക്യകാല പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്

| പേര് | പെൻഷനർ ഐ ഡി | ആധാർ നമ്പർ | മരണ പ്പെട്ട തീയതി | തദ്ദേശ സ്ഥാപനം | തുക നല്കി യതിന്റെ വിവരം | അധികം നല്കി യത് |
|---|---|---|---|---|---|---|
| വി.കെ. ഗൗരി | 111340200195 | 408225735139 | 25.03.21 | വളപട്ടണം | 6/21 വരെ ആക്ടീവ് | 6300 |
| ടി.എം ഇബ്രാഹിം കുട്ടി | 111340200150 | 251796579264 | 1.04.21 | ,, | 5/21 വരെ | 1200 |
| പള്ളി ക്കണ്ടി കുഞ്ഞാ യിൻ | 111340200200 | 230904317117 | 23.02.21 | ,, | ആക്ടീവ് | .. |
| മുഹമ്മദ് സഊദ് .വി | 111340200653 | 640824054415 | 09.01.21 | ,, | ,, | 9300 |
| അമീർ ഐ പി | 111310204780 | 246695557951 | 11.09.20 | ചിറക്കൽ | ,, | 14900 |
| മുഹമ്മദ് ഹാഷിം ടി പി | 111340200536 | 930141030371 | 19.11.20 | വളപട്ടണം | 5/21 വരെ | 10500 |
| ഹമീദ് കെ ടി | 111340200675 | 303352595877 | 7.11.20 | ,, | ,, | 10500 |
| മുഹമ്മദ് കുട്ടി യു. കെ. | 111340200396 | 805771594866 | 05.10.20 | ,, | 5/21 വരെ | 11900 |
| ധന ലക്ഷ്മി പി | 111310200511 | 493420658950 | 17.06.20 | ചിറക്കൽ | 9/2020 വരെ അക്കൗ ണ്ടിൽ നിക്ഷേ പിച്ചു | 6000 |
| അബ്ദുൾ റഷീദ് വി പി | 112590202195 | 688819518339 | 19.05.20 | കണ്ണൂർ കോർപ്പറേഷൻ | 6/21വരെ അക്കൗ ണ്ടിൽ നിക്ഷേ പിച്ചു ആക്ടീവ് ആണ് | 20100 |
| കെ വി | 111340200701 | 878817439973 | 04.03.20 | ,, | ,, | 21100 |

| |
|---|
| മുസ്തഫ |

ഗ്രാമപഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് ഉറപ്പു വരുത്തേണ്ടതും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്

ഡെത്ത് രജിസ്റ്ററിലെ ആധാർ നമ്പർ മുഖേന ,മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടേതുൾപ്പെടെ സേവന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി, അനർഹരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

അധികം നല്കിയ തുക തിരിച്ചു പിടിച്ച് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കാർ നിർദ്ദേശ പ്രകാരം അനർഹരായവർ പെൻഷൻ കൈപ്പറ്റുന്നില്ലെന്ന് ഉറപ്പു വരുത്താനും മരണമടഞ്ഞ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക എത്തുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനും ആശാ വർക്കർമാരുടെയും അംഗനവാടി വർക്കർമാരുടെയും ഭരണസമിതി അംഗങ്ങളുടെയും സഹായത്തോടെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7-2 വിധവാ പെൻഷൻ-മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ കാലതാമസം

| പേര് | പെൻഷനർ ഐ ഡി | ആധാർ നമ്പർ | മരണപ്പെട്ട തീയതി | തദ്ദേശ സ്ഥാപനം | തുക നല്കിയതിന്റെ വിവരം | അധികം നല്കിയത് |
|---|---|---|---|---|---|---|
| പി സീനത്ത് വിധവാ പെൻഷൻ | 111340600161 | 211318840965 | 20.01.21 | വളപട്ടണം | 6/21 വരെ ആക്ടീവ് | 9300 |
| ബീഫാത്തു കെ വി വിധവാ പെൻഷൻ | 111340600255 | 452352510222 | മരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല രജിസ്റ്റർ ചെയ്തത് 11.03.2020 | വളപട്ടണം | 5/21 വരെ അക്കൗണ്ടിൽ നിക്ഷേപിച്ചു | 19700 (രജിസ്റ്റർ ചെയ്ത തീയതി മുതൽ) മരിച്ച തീയതി അറിയിക്കേണ്ടതാണ് |

## 1-7-3 സാമൂഹ്യസുരക്ഷാ പെൻഷൻ- കൃഷി വകുപ്പിൽ നിന്നുള്ള പെൻഷൻ-2020 സെപ്തംബറിൽ മരണപ്പെട്ട ഗുണഭോക്താവിന് ഇപ്പോഴും നല്കുന്നു

| പേര് | പെൻഷനർ ഐ ഡി | ആധാർ നമ്പർ | മരണപ്പെട്ട തീയതി | തദ്ദേശ സ്ഥാപനം | തുക നല്കിയതിന്റെ വിവരം | അധികം നല്കിയത് |
|---|---|---|---|---|---|---|
| കുന്തിദേവി. കെ കൃഷി വകുപ്പ് നല്കുന്ന പെൻഷൻ | 2220333473 | 507386522562 | 11.09.2020 | വളപട്ടണം | 6/21വരെ അക്കൗണ്ടിലേക്ക് നല്കി. ഗ്രാമ പഞ്ചായത്ത് നല്കുന്ന വാർധക്യകാല പെൻഷൻ 8/20 വരെ മാത്രം നല്കി. | 14900 |

ഗുണഭോക്താവ് മരണപ്പെട്ട വിവരം കൃഷി ഓഫീസിൽ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.07.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1620 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ
ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടു. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സൂചിക ബാക്ക് ഓഫീസ് പ്രവർത്തന ക്ഷമമായിട്ടില്ല.

ഫയലുകൾ തീർപ്പാക്കുന്നതിലായാലും സേവനങ്ങൾ നല്കുന്നതിലായാലും കാര്യമായ വീഴ്ച്ചകൾ വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ സെക്ഷനുകളുടെ കർത്തവ്യങ്ങൾ കൃത്യമായി നിർവ്വചിച്ചു കൊണ്ടുള്ള ജോലി വിഭജന രേഖ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പ്രതിമാസ യോഗങ്ങൾ ചേർന്ന് ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിലും നിർദ്ദേശങ്ങൾ നല്കുന്നതിലും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല.

2020-21 ൽ നാലു തവണ മാത്രമാണ് സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർത്തത്. ഓഫീസ് പ്രവർത്തനം, ഐ എസ് ഒ സർട്ടിഫിക്കേഷൻ, ഓഡിറ്റ് തടസങ്ങൾ ഒഴിവാക്കൽ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളുടെ വിലയിരുത്തൽ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

ഫയൽ ട്രാക്കിംഗ് , ഫോർ ദ പീപ്പിൾ

ഗ്രാമപഞ്ചായത്തിൽ ഫയൽ ട്രാക്കിംഗ് സംവിധാനം പ്രവർത്തനക്ഷമമല്ല.സൂചിക ഫ്രണ്ട് ഓഫീസ് അല്ലാതെ സപ്പോർട്ടിംഗ് ബാക്ക് ഓഫീസ് സംവിധാനം ഇല്ല. സ്വീകരിക്കുന്ന അപേക്ഷകളുടെ തുടർനടപടികൾ ഓൺലൈനായി നിരീക്ഷിക്കാൻ കഴിയുന്നില്ല എന്നത് പോരായ്മയാണ്. എർത്തിംഗ്, സർവ്വർ തകരാറുകളാണ് കാരണമെന്നാണ് ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചത്.

ഗ്രാമപഞ്ചായത്തിൽ ഫോർ ദ പീപ്പിൾ സംവിധാനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ലോഗിൻ തകരാറുകൾ കാരണമാണ് ആയത് നടപ്പാക്കാൻ കഴിയാത്തത് എന്നാണ് അറിയിച്ചത്.

ഓൺലൈൻ പേമെന്റ്

ഓൺലൈൻ പേമെന്റ് സംവിധാനം ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. വസ്തു നികുതി ഒടുക്കുന്നതിനു മാത്രമാണ് ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തുന്നത്. അതും വളരെ പരിമിതമായി മാത്രം. പൊതുജനങ്ങൾ ഈ സംവിധാനം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല എന്നത് പോരായ്മയാണ്.

സേവന

സേവനയിൽ പെൻഷണർമാരുടെ അർഹത നഷ്ടപ്പെടുന്ന മുറക്ക് ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കുന്നില്ല എന്നത് അപാകമാണ്. പെൻഷൻ മസ്റ്ററിംഗ് വന്നതിനു ശേഷവും അപാകം ആവർത്തിക്കുന്നത് ഗുരുതരമായ വീഴ്ച്ചയാണ്.

പുറമ്പോക്ക്

പുഴപുറമ്പോക്ക് ഭൂമിയിൽ തടിയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ നടത്തുന്നുണ്ടെങ്കിലും ആയത് നിരീക്ഷിക്കുന്നതിനോ ക്രമവൽക്കരിച്ച് ഗ്രാമപഞ്ചായത്തിന് വരുമാനം ഉണ്ടാക്കുന്ന തരത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനോ ഉള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല എന്നത് അപാകമാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് കൃത്യമായി നികുതി ഒടുക്കേണ്ടതും, അതിർത്തികൾ സംരക്ഷിച്ച് , അന്യാധീനപ്പെട്ടു പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. പുറമ്പോക്ക് ഭൂമിയിൽ കൈയ്യേറ്റങ്ങളില്ല എന്നാണ് ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയി ട്ടുള്ളതെങ്കിലും പുഴയോരത്ത് തടിവ്യവസായവുമായി ബന്ധപ്പെട്ട കൈയ്യേറ്റങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
ദുരിതാശ്വാസനിധി
ദുരിതാശ്വാസനിധിയിൽ നിന്നും ഓഡിറ്റ് വർഷം യാതൊരു ചെലവും ഉണ്ടായിട്ടില്ല.

## 1-9-1 കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സുകളിൽ ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട ചർച്ചകളോ തീരുമാനങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല.പദ്ധതി നിർദ്ദേശങ്ങൾ കൃത്യമായി നല്കുന്നുണ്ടെങ്കിലും പദ്ധതി നടത്തിപ്പ് , അവലോകനങ്ങൾ ഇവ അജണ്ടകളിൽ ഉൾപ്പെടുത്തുന്നില്ല. ഘടകസ്ഥാപനങ്ങളുടെ ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച ക്രോഡീകരിച്ച വിവരങ്ങൾ പോലും മിനുട്സ് ചെയ്യപ്പെടുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള എല്ലാ ചുമതലകളും നിർവ്വഹിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിലേക്കായി ഈ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സിൽ ഐ എസ് ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട നടപടികളുടെ ഭാഗമായി ഉപയോഗ ശൂന്യമായി കണ്ടെത്തിയ ഫയലുകളും രേഖകളും നശിപ്പിക്കാൻ തീരുമാനമെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2017 ലേതുൾപ്പെടെയുള്ള ഫയലുകൾ പ്രസ്തുത ലിസ്റ്റിൽ ഉണ്ട്. ഉന്നതാധികാരികളെ അറിയിക്കാതെയും വിശദാംശങ്ങൾ രേഖപ്പെടുത്താതെയും വിവരാവകാശ അപേക്ഷകൾ ഉൾപ്പെടെയുള്ള രേഖകൾ നശിപ്പിക്കാൻ തീരുമാനിച്ചത് ശരിയായ നടപടിയല്ല.

ഭരണസമിതി

കഴിഞ്ഞ ഭരണസമിതി ചുമതല ഒഴിഞ്ഞ് പുതിയ ഭരണസമിതിയുടെ സകർമ്മ മിനുട്സ് ആക്ടീവ് ആകുന്നതു വരെയുള്ള കാലയളവിലെ മീറ്റിംഗുകളുടെ വിവരങ്ങൾ മാന്വലായി രേഖപ്പെടുത്തുന്ന മിനുടസ്(ഭരണനിർവ്വഹണ കമ്മറ്റിയുടേതുൾപ്പെടെ) പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

ചില ഭരണസമിതി തീരുമാനങ്ങളിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുകയോ അനുബന്ധ രേഖകൾ അറ്റാച്ച് ചെയ്യുകയോ ചെയ്യാതിരിക്കുന്നത് അപാകമാണ്.

ഭരണ സമിതി മിനുട്സുകളിൽ അംഗീകരിക്കപ്പെട്ട ടെണ്ടർ/ക്വട്ടേഷനുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്താതെ കരാറുകാരന്റെ പേരുമാത്രം രേഖപ്പെടുത്തി.(ഉദാഹരണം 4/05/2020 ലെ 4/1 നമ്പർ തീരുമാനം, 22/05/2020 ലെ 3/1 നമ്പർ തീരുമാനം)

ആസൂത്രണസമിതി

ആസൂത്രണ സമിതി മിനുട്സ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.04.21 | 1/21,3/21 | 23.04.21 | ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.12.17 മുതൽ 23.12.17 വരെ | 2012-13 മുതൽ 2016-17 വരെ | 09.02.18 | ആകെ നാല് പരാമർശങ്ങൾ ഉണ്ടായിരുന്നതിൽ രണ്ടെണ്ണം തീർപ്പാക്കിയിട്ടുണ്ട്. ബിഎസ്എൻ എൽ കെട്ടിടത്തിന് വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട പരാമർശവും പഞ്ചായത്ത്ഓഫീസ് കെട്ടിടനിർമ്മാണത്തിന്റെ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട അപാകങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നു. |

## 1-11 ഗ്രാമസഭ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും ഒരു തവണ വീതം മാത്രമാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്. കോവിഡ് പ്രതിസന്ധി ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതിനും തടസം സൃഷ്ടിച്ചിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണം, ഗുണഭോക്തൃലിസ്റ്റ് സാധൂകരണം തുടങ്ങിയവയാണ് പ്രധാന അജണ്ടകൾ.

ഗ്രാമസഭകളിൽ പദ്ധതി അവലോകനം സംബന്ധിച്ച ചർച്ചകൾ നടത്തുന്നില്ല എന്നത് പോരായ്മയാണ്. അധികാര വികേന്ദ്രീകരണത്തിൽ ഗ്രാമസഭകൾക്ക് പഞ്ചായത്ത് ഭരണ നിർവ്വഹണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഇടപെടലുകളും നിർദ്ദേശങ്ങളും നല്കാമെന്നിരിക്കെ പദ്ധതി നിർദ്ദേശങ്ങൾ നല്കുന്നതിലേക്കും ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും മാത്രമായി ഗ്രാമസഭാ പ്രവർത്തനം ഒതുങ്ങുന്നത് ഒട്ടും ആശാസ്യമല്ല. പദ്ധതി നിർവ്വഹണ ഘട്ടത്തിലും പൂർത്തീകരിച്ചതിനു ശേഷവുമുള്ള കാര്യങ്ങൾ പരിശോധിക്കപ്പെടേണ്ടതും സ്വതന്ത്രവും നിഷ്പക്ഷവുമായ അഭിപ്രായങ്ങളും വിലയിരുത്തലുകളും സ്വരൂപിക്കേണ്ടതുമാണ്.

സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിൽ വരുന്ന പിഴവുകൾ ഒഴിവാക്കുന്നതിനും ഗ്രാമസഭകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം ഒഴിവാക്കുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും ഗ്രാമസഭകളുടെ സമയോചിതമായ ഇടപെടലുകൾ സഹായകമാകുന്നതാണ്. എല്ലാ ഗ്രാമസഭകളിലും പ്രസ്തുത വിഷയം അജണ്ടയായി ഉൾപ്പെടുത്താവുന്നതാണ്.

ഗ്രാമസഭാ മിനുട്സുകൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ പ്രതിനിധികളായി 15 പേരെങ്കിലും ഒപ്പു വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യപ്പെടുന്നില്ല എന്നതും അപാകമാണ്.

## 1-12 വസ്തുനികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ

സഞ്ചയസോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നും ഓരോ സാമ്പത്തിക വർഷാവസാനവും ഡിസിബി പത്രിക പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വർഷാന്ത്യം ലഭ്യമാകുന്ന പത്രിക കൃത്യസമയത്ത് പകർപ്പെടുത്ത് സൂക്ഷിക്കാതിരുന്നാൽ പിന്നീട് ലഭിക്കുന്ന പകർപ്പിൽ വ്യത്യാസം വരുന്നുണ്ട്. അതുകൊണ്ടു തന്നെ സാംഖ്യ സഞ്ചയ കണക്കുകൾ തമ്മിലുള്ള താരതമ്യം നടത്താൻ കഴിഞ്ഞിട്ടില്ല.

ഡാറ്റാ പ്യൂരിഫിക്കേഷൻ സംബന്ധിച്ച ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.വസ്തു നികുതി റിവിഷനുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായിട്ടില്ല എന്നാണ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നത്. സഞ്ചയയിൽ നിന്നു ലഭ്യമായ റിപ്പോർട്ടു പ്രകാരം 3497 കെട്ടിടങ്ങൾ ഉള്ളതിൽ മുഴുവൻ എണ്ണത്തിന്റെയും പ്യൂരിഫിക്കേഷൻ പൂർത്തിയായി എന്നാണ് രേഖപ്പെടുത്തിയതെങ്കിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സിൽ ഡാറ്റാ എൻട്രി വിട്ടു പോയതായി രേഖപ്പെടുത്തിയ ചില കെട്ടിടങ്ങൾ നിലവിലും സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല.

ഉദാഹരണം - വാർഡ് നം IV ലെ -76B, 4-76C എന്നീകെട്ടിടങ്ങളുടെ ഡാറ്റാഎൻട്രി നടത്താൻ ഒഴിഞ്ഞുപോയതിനാൽ ആയത് പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും (തീരുമാനം നം 32/18/08.06.2018) സഞ്ചയയിൽ ഡാറ്റാഎൻട്രി നടത്തിയിട്ടില്ല.

അനധികൃതകെട്ടിട നിർമ്മാണം

അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 7 കെട്ടിടങ്ങൾക്ക് യു എ നമ്പർ അനുവദിച്ചിട്ടുണ്ട്.

ജി ഒ (പി) 12/2018/തസ്വഭവ തി 15.02.2018പ്രകാരം അനധികൃത കെട്ടിടനിർമ്മാണ ക്രമവത്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം സ്വീകരിക്കേണ്ട നടപടി ക്രമമങ്ങൾ സ്വീകരിച്ചതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല.

ഉദാഹരണമായി മേൽ ഉത്തരവിലെ ചട്ടം3 പ്രകാരമുള്ള എല്ലാ രേഖകളും സഹിതം ഉടമസ്ഥൻ സമർപ്പിച്ച അപേക്ഷകൾ , ചട്ടം 6 പ്രകാരം ഉടമസ്ഥന്റെ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ആയത് സാങ്കേതിക നിർദ്ദേശങ്ങൾക്കായി ടൌൺ പ്ലാനർക്ക് സമർപ്പിച്ചതിന്റെയും ആയതിന് കെട്ടിട നിർമ്മാണം അധികൃതമാക്കുന്നതിന് ടൌൺപ്ലാനർ നൽകിയ നിർദ്ദേശങ്ങളുടെയും ഫയലുകൾ ഹാജരാക്കിയിട്ടില്ല.

സർക്കുലർ നം 29342/ആർ എ1/2014/തസ്വഭവ 19.05.2014 ൽ നിർദ്ദേശിച്ച മാതൃകയിൽ അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സൂക്ഷിക്കേണ്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അനധികൃതകെട്ടിട നിർമ്മാണം അധികൃതമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ യഥാസമയം സ്വീകരിക്കാതിരിക്കുന്നതിനും വർഷങ്ങളോളം കെട്ടിടം നിർമ്മാണത്തിൽ ചട്ടപ്രകാരം ഉണ്ടായിട്ടുള്ള അപാകങ്ങൾ പരിഹരിക്കപ്പെടാതെ വരുന്നതിനും കാരണമാകുന്നു.

അപാകങ്ങൾ പരിഹരിക്കേണ്ടതിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഈടാക്കിയതിലെ അപാകങ്ങൾ

A)ലാൻഡ് യൂസ് ബോർഡ് തയ്യാറാക്കിയ വളപട്ടണം പഞ്ചായത്തിന്റെ വിഭവ ഭൂപട ഡിജിറ്റൽ അറ്റലസ് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ 12 ഈർച്ച മില്ലുകളും, 3 റേഷൻ കടകളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 9 ഈർച്ച മില്ലുകളിൽനിന്നും, ഒരു റേഷൻ കടയിൽ നിന്നും മാത്രമെ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളു. കാരണം വിശദമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/22.07.2021)മറുപടി ലഭിച്ചിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

B)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വളപട്ടണം ഗ്രാമപഞ്ചായത്ത് 23-04-2018ലെ 98 ാം നമ്പർ ഭരണസമിതി തീരുമാനം പ്രകാരം വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിൽ വരുന്ന സേവനങ്ങൾക്കും ഉൽപാദനങ്ങൾക്കും താഴെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| ഉൽപാദന മേഖല | |
|---|---|
| 50000രൂപ വരെ മൂലധനം ഉള്ളത് | 100 |
| 50000രൂപ മുതൽ 1 ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| 1 ലക്ഷത്തിന് മുകളിൽ 2 ലക്ഷം വരെ മൂലധനം ഉള്ളത് | 300 |
| 2 ലക്ഷത്തിന് മുകളിൽ 5ലക്ഷം വരെ മൂലധനം ഉള്ളത് | 350 |
| 5 ലക്ഷത്തിന് മുകളിൽ പത്ത് ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 10ലക്ഷത്തിന് മുകളിൽ 25 ലക്ഷം വരെ മൂലധനം ഉള്ളത് | 500 |
| 2500001രൂപ മുതൽ 1 കോടി രൂപ വരെ മൂലധനം ഉള്ളത് | 1000 |
| 10000001 രൂപ മുതൽ 5 കോടി രൂപ വരെ മൂലധനം ഉള്ളത് | 5000 |
| സേവന മേഖല | |
| 25000 രൂപ വരെ മൂലധനം ഉള്ളത് | 100 |
| 25000മുകളിൽ 1ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| 1ലക്ഷത്തിന് മുകളിൽ 2 ലക്ഷം വരെ മൂലധനം ഉള്ളത് | 300 |
| 2 ലക്ഷത്തിന് മുകളിൽ 3 ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 300001രൂപ മുതൽ 10ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 500 |
| 1000001 രൂപ മുതൽ 50ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 1000 |
| 5000001രൂപ മുതൽ 2കോടി രൂപ വരെ മൂലധനം ഉള്ളത് | 5000 |

എന്നാൽ താഴെ പറയുന്നവരിൽ നിന്നും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | പേര് / വാർഡ് നമ്പർ | ആവശ്യം | മൂലധനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് ഒടുക്കിയ തുക |
|---|---|---|---|---|---|---|
| 1 | സി പി ജാവിദ് | പ്ലൈവുഡ്, ബ്ലാക്ക് | 50000000 | 5000 | 4000 | രസീത് നം. 121020100303 |

| | | | | | | |
|---|---|---|---|---|---|---|
| | V/209 | ബോർഡ് ഫർണിച്ചർ നിർമ്മാണം | | | | തിയ്യതി 27.07.21 1000/- രൂപ |
| 2 | ഏ പി ശാദൂലി VIII/32 | സ്റ്റേഷനറി, ബേക്കറി കട | 150000 | 300 | 100 | രസീത് നം.1210201001298 തിയ്യതി 27.07.21 100/- രൂപ |
| 3 | ഡോ: സി കെ ഫയാസ് II/301 | ഡന്റൽ ക്ലിനിക്ക് | 1000000 | 500 | 300 | രസീത് നം.121020100287 തിയ്യതി 26.07.21 200/- രൂപ |
| 4 | VIII/173എം പി രജ്ഞൽ നാഥ് | ഫർണിച്ചർ വിൽപ്പന | 300000 | 400 | 200 | രസീത് നം.121020100287 തിയ്യതി 26.07.21 200/- രൂപ |
| 5 | അൻസാരി പി എം VII/191 | പ്ലൈവുഡ് സ്റ്റോക്കിങ്ങ് | 200000 | 300 | 200 | രസീത് നം.1210201003290 തിയ്യതി 26.07.21 100/- രൂപ |
| 6 | I/217 കോഹിനൂർ സോ മിൽസ് | വാടകയ്ക്ക് മരം ഈർച്ച നടത്തുന്നത് | 2700000 | 1000 | 500 | അപേക്ഷയിൽ കാണിച്ചമൂലധന നിക്ഷേപം ക്ലറിക്കൽതെറ്റ് സംഭവിച്ചതാണെന്നും ആയത് പരിശോധിച്ച് ശരിയാക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. |
| 7 | II/244 മുഹമ്മദ് ബഷീർ വി പി | ജ്യൂസ് സെന്റർ | 300000 | 400 | 200 | രസീത് നം.121020100311 തിയ്യതി29.07.21 200/- രൂപ |
| 8 | IX/2 കെ വി രവീന്ദ്രൻ | അനാദി കച്ചവടം | 200000 | 300 | 200 | രസീത് നം.121020100299 തിയ്യതി27.07.21 100/- രൂപ |

അപേക്ഷകരിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കത്താതിന്റെ കാരണം വിശദമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (6/22.07.2021) നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽ കാണിച്ച രസീത് നമ്പർ പ്രകാരം കുറവ് വന്ന തുക ഒടുക്കിയിട്ടുണ്ട്. വരും വർഷങ്ങളിലും ഭരണസമിതി തീരുമാന പ്രകാരം നിശ്ചയിച്ച നിരക്കിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

C)മണൽ ഫിൽറ്ററിംഗ് നടത്തുന്നത് യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തിയാണെങ്കിൽ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

## <u>1-14 ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല</u>

2015-16 സാമ്പത്തിക വർഷം മുതൽ ഇ ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി കരാറുകാർ ഒടുക്കുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ യുടെ കണ്ണൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിലേക്ക് വകമാറ്റേണ്ടുന്ന പ്രസ്തുത തുക നാളിതുവരെയും തിരിച്ചു കിട്ടിയിട്ടില്ല.

2020-21 സാമ്പത്തിക വർഷം ഈയിനത്തിൽ 20400രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവു വന്നിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ നല്കി ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിലേക്ക് ലഭിക്കേണ്ടുന്ന തുക തിരിച്ചു കിട്ടുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തനത് ഫണ്ട് ചെലവ്-രേഖകൾ ഹാജരാക്കിയില്ല.

I. വൗച്ചർ നം 545/23.10.20 പ്രകാരം 30000 രൂപ കൃഷി ഓഫീസർക്ക് ഓഫീസ് ചെലവിലേക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. തുക ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

II. വൗച്ചർ നം. 30/07.04.20 പ്രകാരം 2019-20 വർഷത്തെ തുടർവിദ്യാഭ്യാസ പദ്ധതി പ്രകാരം മതിയായ ഫണ്ട് വകയിരുത്താത്തതിനാൽ സാക്ഷരതാമിഷന് നൽകാൻ ബാക്കിയുള്ള 8220 രൂപ നൽകിയിട്ടുണ്ട്. എന്നാൽ സാക്ഷരതാ മിഷനിൽ നിന്ന് ലഭ്യമാക്കിയ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-16 സ്ട്രീറ്റ് ലൈറ്റ് എ എം സി-രേഖകൾ ഹാജരാക്കിയില്ല-115310രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജ്കട് നമ്പർ പേര് | 68/21,തെരുവ് വിളക്ക് റിപ്പയർ എ എം സി |
| അടങ്കൽ | ₹2,75,000(തനത് ഫണ്ട്) |
| ചെലവ്/വൗച്ചർ നം/തിയ്യതി | ₹115310/789/07.01.21 |

1.തെരുവ് വിളക്ക് റിപ്പയർ – എ എം സി എന്ന പ്രൊജക്ട് പ്രകാരം ശ്രീ പ്രകാശൻ അരിച്ചേരി , സായ് പ്രകാശ് ഇലക്ട്രിക്കൽസിന് 112 - CFL, 99-Single Tube Set , 3- Sodium Vapour Lamp എന്നിവ റിപ്പയർ ചെയ്തതായി സാക്ഷ്യപത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 115310 രൂപ ആദ്യഗഡുവായി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഹാജരാക്കിയ കരാറിൽ കരാർ തിയ്യതി, കരാർ തുക , റിപ്പയർ ചെയ്യേണ്ട തെരുവ് വിളക്കുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2.തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണിയും സംരക്ഷണവുമായി ബന്ധപ്പെട്ട സർക്കുലർ നം 3055/ഉ അ 3/2011/ തസ്വഭവ /18.09.11 പ്രകാരമുള്ള മാർഗ്ഗരേഖ ഖ -2.(ബി) പ്രകാരം തെരുവ് വിളക്കുകളുടെയും അനുബന്ധ വസ്തുക്കളുടെയും വിശദാംശങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിലെയും കെ എസ് ഇ ബിയിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തേണ്ടതും ഇവ സംബന്ധിച്ച് ടെൻഡർ രേഖകളിൽ പരാമർശിക്കേണ്ടതുമാണ്. കരാർ, സംയുക്ത പരിശോധനാ റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

3.ഖണ്ഡിക (2 ഇ) പ്രകാരം കരാർ ലഭിക്കുന്നയാൾ കരാർതുകയുടെ 10% സെക്യൂരിറ്റി ഡപ്പോസിറ്റ് നൽകേണ്ടതാണ്. കരാറുകാരന്റെ അപാകതകൾ കാരണം തദ്ദേശ സ്ഥാപനത്തിനുണ്ടാകുന്ന പിഴകൾ, ക്ലെയിമുകൾ, നഷ്ടങ്ങൾ തുടങ്ങിയവക്കുള്ള തുകകൾ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കാവുന്നതാണ്. ഡെപ്പോസിറ്റ് തുക ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) പ്രോജക്ട് പ്രകാരം 2019-20 വർഷം തെരുവ് വിളക്ക് റിപ്പയർ എ എം സി എന്ന പ്രൊജക്റ്റിലേക്കായി കരാറിലേർപ്പെട്ട ശ്രീ പ്രകാശൻ അരിച്ചേരി , സായ് പ്രകാശ് ഇലക്ട്രിക്കൽസിന് 2020-21 വർഷത്തേക്കും കരാർ ദീർഘിപ്പിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത് . ക്വട്ടേഷൻ നടപടികളിലേർപ്പെടാതെ പ്രവൃത്തി അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല.
മേൽക്കാരണങ്ങളാൽ 115310രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

ഖണ്ഡികയിൽ പരാമർശിച്ച അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്കിന് ലൈൻ വലിക്കൽ - പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ | സെക്രട്ടറി , |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പ്രോജ്കട് നമ്പർ പേര് | 79/20,തെരുവ് വിളക്കിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ |
| അടങ്കൽ | 150000(തനത് ഫണ്ട്) |
| ചെലവ്/വൗച്ചർ നം/ തിയ്യതി | 7783/329/10.08.20 |

ഗ്രാമ പഞ്ചായത്ത് പരിധിയിൽ തെരുവ് വിളക്കിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലൈൻ എക്സ്റ്റൻഷനും ഒന്നാം വാർഡിലും പതിമൂന്നാം വാർഡിലും യഥാക്രമം 2,3 Tube Set - കൾ ഫിറ്റ് ചെയ്യുന്നതിനുമായി കെ എസ് ഇ ബി യിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ₹ 7783 അഡ്വാൻസായി നൽകിയിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കുന്നതിനായി എൻക്വയറി നൽകിയെങ്കിലും മറുപടിയോടൊപ്പം രേഖകൾ ഹാജരാക്കിയില്ല

1. എസ്റ്റിമേറ്റ്, ബിൽ അബ്സ്ട്രാക്ട്

2.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്

3. പ്രവൃത്തി പൂർത്തികരിച്ച ശേഷം തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകൾ

തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്ന കെഎസ് ഇ ബിയുടെ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. അനുബന്ധ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , വളപട്ടണം ഗ്രാമപഞ്ചായത്ത് |
| പ്രോജ്കട് നമ്പർ പേര് | 66/21 ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | 19460 (വികസന ഫണ്ട്) |
| ചെലവ്/ബിൽ നം/ തിയ്യതി | 19460/13/20.08.20 |

ഐ കെ എം ന് വിഹിതം നൽകൽ എന്ന പദ്ധതിയുടെ ഭാഗമായി പ്ലാൻ ഫണ്ടിന്റെ 0.25 ശതമാനം പ്രവർത്തനഫണ്ടായി ഐ കെ എം ന് നൽകണമെന്ന സർക്കാർ നിർദ്ദേശമനുസരിച്ച് 19460 രൂപ മേൽ പരാമർശിച്ച ബിൽ പ്രകാരം നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-19 എസ്. എസ് എ വിഹിതം നൽകൽ - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജ്കട് നമ്പർ പേര് | 65/21 എസ് എസ് എ വിഹിതം നൽകൽ |
| അടങ്കൽ | ₹1,00,000 (വികസന ഫണ്ട് (ജനറൽ)) |
| ചെലവ്/ബിൽ നം/ തിയ്യതി | ₹1,00,000/14/20.08.2020 |

സ ഉ. 22/2018/തസ്വഭവ/14.02.2018 ഖ 7.6.3 പ്രകാരം എസ് എസ് എ യുടെ പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതനുസരിച്ച് 2020-21 വർഷം എസ് എസ് എ യുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും തുക വിനിയോഗിച്ച് ഏതെല്ലാം രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന എസ് എസ് എ യിൽ നിന്നും ലഭിച്ചിട്ടുള്ള വിനിയോഗസാക്ഷ്യപത്രം, പദ്ധതിയുടെ പൂർത്തീകരണസാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും തുക മുഴുവനായും വിനിയോഗിച്ചു എന്ന് രേഖപ്പെടുത്തിയ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. മറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-20 കുട്ടികളുടെ ലൈബ്രറി-പദ്ധതി നിർവ്വഹണം പൂർത്തിയായില്ല- ചെലവ് തുക42153 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 87 /21 |
| പ്രൊജക്ടിന്റെ പേര് | ബാലസൌഹൃദ വളപട്ടണം ഗ്രാമ പഞ്ചായത്ത് -കുട്ടികളുടെ ലൈബ്രറി- വായിച്ചു വളരാം അറിഞ്ഞു വളരാം |
| അടങ്കൽ | ₹195000 വികസന ഫണ്ട് |
| ചെലവ് തുക | ₹42153 വികസന ഫണ്ട്<br>ബിൽ നമ്പർ : 40 /31-03-21 ₹42153 |

ഗ്രാമ പഞ്ചായത്തിലെ ലൈബ്രറി അംഗങ്ങളായ 18 വയസ്സ് വരെ പ്രായമായ കുട്ടികൾക്ക് വായനാശീലത്തിൽ മികവ് വർദ്ധിപ്പിക്കുന്നതിന്, ഡയറികൾ നൽകി ,ആയതിലൂടെ കുട്ടികൾ നടത്തുന്ന സൃഷ്ടികളും എഴുത്തുകളും പരിശോധിച്ച് വിലയിരുത്തി അവർക്ക് പ്രോത്സാഹനം നൽകുക, കുട്ടികളുടെ ഏരിയയിൽ അവർക്ക് പഠനത്തിനുതകുന്ന കാര്യങ്ങൾക്കായി കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്യുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ.
KELTRON ൽ നിന്ന് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിനായുള്ള തുക കൈമാറുക മാത്രമാണ് പദ്ധതിയുടെ ഭാഗമായി ഓഡിറ്റ് വർഷം ചെയ്തിട്ടുള്ളത്. (കെൽട്രോണിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് നം TVM/ITBGPI//RC/21637/20-21 -42153 രൂപ). ആയത് പ്രകാരം ലഭ്യമാക്കിയ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറിന്റെ കാഷ് ഇൻവോയിസ് , ആയതിന്റെ സ്പെസിഫിക്കേഷൻ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയ സാക്ഷ്യപത്രം ,സ്റ്റോക്ക് രജിസ്റ്റർ എന്നിവയും പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി എൻക്വയറി (25/30.07.21) നൽകിയെങ്കിലും ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യങ്ങൾ പരാമർശിച്ചിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ച കാരണങ്ങളാൽ ചെലവ് തുകയായ 42153 രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ- രേഖകൾ ഹാജരാക്കിയിട്ടില്ല-119400രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 140 /20-21 |
| പ്രൊജക്ടിന്റെ പേര് | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 120000 തനത് ഫണ്ട് |
| ചെലവ് തുക | ₹1,19,400 തനത് ഫണ്ട്<br>(വൌച്ചർ നം:1039 /08-03-21 ) |

പദ്ധതി പ്രകാരം ഗ്ലോബൽ അസ്സോസിയേറ്റ്സ്, നം. 019/23.03.20 പ്രകാരം 60 എൽ ഇ ഡി 30 W ബൽബുകൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ബൽബുകൾ സ്റ്റോക്കിലെടുത്ത് വാർഡ് തലത്തിൽ വിതരണം നടത്തിയതിന്റെയും ആയത് സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ സാക്ഷ്യപത്രവും പദ്ധതിയുടെ പൂർത്തീകരണസാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും പരിശോധനക്ക് ഹാജരാക്കുന്നതിനായി എൻക്വയറി (23/30.07.21) നൽകിയെങ്കിലും മറുപടി

ഹാജരാക്കിയില്ല. 119400 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 വാഹനങ്ങളുടെ പരിപാലനം

30-06-2007ലെ ജി.ഒ.(എം.എസ്.) 170/2007 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം ആറ് മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.എന്നാൽ വളപട്ടണം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 13 R 3660 , KL13 AR 9581 എന്നീ നമ്പരുകളിലുള്ള വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. കൂടാതെ ലോഗ് ബുക്കും യഥാവിധി സൂക്ഷിച്ചതായി കാണുന്നില്ല. തൻമാസത്തെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസത്തെ അവസാന ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. കസ്റ്റോഡിയൻ ഓഫീസറുടേയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണ്. എന്നീ സർക്കാർ നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വാഹനങ്ങൾ കൈകാര്യം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 കുടിവെള്ള വിതരണം മുഴുവൻ രേഖകളും ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ, കുടിവെള്ള ക്ഷാമം നേരിടുന്ന വിവിധഭാഗങ്ങളിൽ 28.04.20 മുതൽ 15.05.20 വരെയുള്ള തിയ്യതികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി വൗച്ചർ നം 596/11.11.20പ്രകാരം വാഹന ഉടമക്ക് 96077 രൂപയും 971രൂപ ഇൻകം ടാക്സ് ഇനത്തിലുമായി ആകെ 97048 രൂപ ചെലവഴിച്ചിട്ടുണ്ട്. (ടാങ്കർലോറിയിൽ കുടിവെള്ള വിതരണത്തിനായി കിലോമീറ്ററിന് 54/- രൂപ അംഗീകരിച്ചതുപ്രകാരം). സർക്കാരിന്റെ 02-03-2019 തീയതിയിലെ സ.ഉ (സാധാ)നം.500/2019/തസ്വഭവ ഉത്തരവ് പ്രകാരം ജി പി എസ് ലോഗ്, വാഹനത്തിന്റെ ലോഗ് ബുക്ക്,ട്രിപ്പ് ഷീറ്റ് മുതലായവ ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ കരാറുകാരന് സെക്രട്ടറി തുക അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരമുള്ള രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി നം 15/28.0721 ന് നല്കിയ മറുപടിയോടൊപ്പം ജി പി എസ് റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

1.കുടിവെള്ളം വിതരണം നടത്തുന്ന വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, പുറപ്പെടുന്ന സ്ഥലം, സമയം, സഞ്ചരിച്ച ദൂരം,കുടിവെള്ളം വിതരണം ചെയ്ത സ്ഥലം, കിലോമീറ്റർ, സമയം, വെള്ളത്തിന്റെ അളവ് തുടങ്ങിയ വിവരങ്ങൾ കരാറുകാരൻ രേഖപ്പെടുത്തേണ്ടതും വാർഡ് മെമ്പർ, വില്ലേജ് ഓഫീസർ എന്നിവരെക്കൊണ്ട് അതാത് ദിവസങ്ങളിൽ സാക്ഷ്യപ്പെടുത്തി ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ലഭിക്കുന്ന ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ച് അതാത് ദിവസം തന്നെ തദ്ദേശസ്ഥാപനത്തിന്റെ പ്രസിഡണ്ടും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിന് കരാറുകാൻ ഹാജരാക്കിയ ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയിട്ടില്ല.

2. കുടിവെള്ള വിതരണത്തിനായി വെള്ളം ലഭ്യമാക്കിയത് വാട്ടർ അതോറിറ്റിയിൽ നിന്നാണെങ്കിൽ ,വാട്ടർ അതോറിറ്റി വെള്ളം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ പത്രിക ഹാജരാക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുടെ സ്രോതസ്സിൽ നിന്നല്ല വെള്ളം എടുത്തതെങ്കിൽ, വിതരണത്തിനായി കണ്ടെത്തിയ സ്രോതസ്സിന്റെ വിവരം ജലപരിശോധന നടത്തിയതിന്റെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിക്ക് നല്കിയ കത്തിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയത്.

രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-24 ആയുർവ്വേദാശുപത്രിക്ക് മരുന്നു വാങ്ങൽ- 47362 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,ആയുർവ്വേദം

പ്രോജക്റ്റിന്റെ പേര് - ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ.

പ്രോജക്റ്റ് നം. - S0039/21

മെയിന്റൻസ് ഫണ്ട് (റോഡിതരം) - 700000

ബിൽ നം./തീയ്യതി/തുക – 10/20-21/ 22.09.20/700000

മേൽ പ്രോജക്ടിനായി മരുന്നുകൾ ലഭ്യമാക്കുന്നതിലേക്കായി ഔഷധി ഫാർമസ്യൂട്ടിക്കൽസ്,പരിയാരത്തിന് 700000 രൂപ രൂപ കൈമാറിയിട്ടുണ്ട്. ഇതിൽ 47362 രൂപയുടെ മരുന്ന് ഇതുവരെ ലഭ്യമായിട്ടില്ല. ലഭ്യമായ മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇൻവോയിസ് നം/തീയ്യതി | തുക |
|---|---|
| 90182219/21-10-20 | 333338 |
| 90183213/2-11-20 | 53466 |
| 90185107/2-11-20 | 121052 |
| 90186070/24-11-20 | 29572 |
| 90190457/17-12-20 | 18545 |
| 90191836/24-12-20 | 71180 |
| 90193373/21-01-20 | 10532 |
| 90189732/16-12-20 | 8259 |
| 90210013/31-5-20 | 6694 |
| ആകെ | ₹652638 |

ബാക്കി വരുന്ന 47362 രൂപയുടെ മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 പാലിയേറ്റീവ് പരിചരണം ഗുണഭോക്തൃ ലിസ്റ്റ് - വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോജക്ടിന്റെ പേര്- പാലിയേറ്റീവ് പരിചരണം

പ്രോജക്ട് നമ്പർ- S0014/20-21
അടങ്കൽ

വികസനഫണ്ട്-₹265000

ജില്ലാപഞ്ചായത്ത്- ₹50000

ബ്ലോക്ക് പഞ്ചായത്ത്- ₹235000

ആകെ അടങ്കൽ - ₹550000

ആകെ ചെലവ്-₹347315

29.10.15ലെ സഉ(സാധാ) നമ്പർ 3217/2015/തസ്വഭവ ഉത്തരവിലെ 2-5(6)പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്ബ് സൈറ്റിലുള്ള ലിസ്റ്റുകളിലും വരുത്തേണ്ടതാണെന്നും വെബ്ബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്നും തുക ചെലവഴിക്കാൻ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വളപട്ടണം ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെയാണ് ചെലവ് നടത്തിയിട്ടുള്ളത്. അപാകങ്ങൾ പരിഹരിക്കേണ്ടതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ-50000രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,ഹോമിയോ

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.

പ്രോജക്ട് നം. - S0020/21

മെയിന്റൻസ് ഫണ്ട് (റോഡിതരം) - 50000

ബിൽ നം./തീയ്യതി/തുക – 4/20-21/ 24.11.20/50000

മേൽ പ്രോജക്ടിനായി മരുന്നുകൾ ലഭ്യമാക്കുന്നതിലേക്കായി ഹോംകോ എന്ന സ്ഥാപനത്തിന് 50000 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതുവരെയായും ലഭ്യമായിട്ടില്ല. 50000 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങളും രജിസ്റ്ററുകൾ സൂക്ഷിക്കാത്തതും

ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് നിശ്ചിത മാതൃകയിലല്ല. ഏതൊരു ദിവസവും ഭൗതിക പരിശോധന നടത്തി കണക്കുകളുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്ന രീതിയിൽ ഓരോ ഇനത്തിനും ഓരോ പേജ് നല്കി സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും സെക്രട്ടറി പിരിയോഡിക്കൽ വെരിഫിക്കേഷൻ നടത്തി കണക്കുകൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അതുപോലെ ഉപയോഗ ശൂന്യമായതും സ്ക്രാപ്പ് വാല്യൂ ഉള്ളതുമായ സാധനങ്ങളുടെയും കൃത്യമായ സർവ്വേ റിപ്പോർട്ടുകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ യോഗ്യമാക്കാൻ കഴിയുന്നവയുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്.

## 1-27-1 രജിസ്റ്റർ സൂക്ഷിപ്പ്

2017-18 സാമ്പത്തിക വർഷം വരെ മാത്രമാണ് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുള്ളത് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. രജിസ്റ്റർ കാലികമാക്കുന്നതിനും സചിത്ര സോഫ്റ്റ്‌വെയറിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ 2016-17 വരെ മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. ആയത് കാലികമാക്കേണ്ടതാണ്.
താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

1.റോഡ് രജിസ്റ്റർ

2.ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ

3.പ്രോജക്ട് രജിസ്റ്റർ

അസിസ്റ്റന്റ് സെക്രട്ടറി ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

## 1-28 അസിസ്റ്റന്റ് എഞ്ചിനീയർ- മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാത്തതും മറ്റ് അപാകങ്ങളും

പൊതുമരാമത്ത് പ്രവൃത്തികളുടെ സംക്ഷിപ്ത വിവരങ്ങൾ ഗ്രാമസഭയിൽ വെക്കുന്നില്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം 6(6) ൽ നിർദ്ദേശിച്ച പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ സംക്ഷിപ്ത വിവരങ്ങൾ മലയാള ഭാഷയിൽ തയ്യാറാക്കി ആവശ്യമായ സാധന/സേവന ഘടകങ്ങളുടെ വിവരങ്ങൾ സഹിതം ഗ്രാമസഭകളെ അറിയിക്കാതിരിക്കുന്നത് സോഷ്യൽ ഓഡിറ്റിംഗിന് തടസമാകുന്നുണ്ട്.

സ്ഥാപനാടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതായി രേഖകളില്ല.

ശാസ്ത്രീയമായ പഠനങ്ങളുടെയും വിലയിരുത്തലുകളുടെയും പ്രാദേശിക ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലല്ല പദ്ധതികൾ തയ്യാറാക്കപ്പെടുന്നത്. പരമ്പരാഗതമായി നടപ്പാക്കി വരുന്ന പദ്ധതികൾ ചെറിയ ഭേദഗതികളോടെ നടപ്പാക്കുക മാത്രമാണ് ചെയ്യുന്നത്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കാര്യത്തിലും ഇത്തരത്തിലുള്ള പഠനങ്ങളോ വിലയിരുത്തലുകളോ ഉണ്ടാകുന്നില്ല.

സ്ഥല പരിമിതി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിക്കുന്നുണ്ട്. കൂടുതലും 3 മീറ്ററിൽ താഴെ വീതിയുള്ള റോഡുകളും ഫുട്പാത്തുകളുമാണ് ഗ്രാമപഞ്ചായത്തിലുള്ളത്.സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം കോൺക്രീറ്റ് , ഇന്റർലോക്ക് റോഡുകളും നടപ്പാതകളുമാണ് നിർമ്മിച്ച് വരുന്നത്.

ഗ്രാമപഞ്ചായത്തിലെ റോഡുകളുടെയും ഫുട്പാത്തുകളുടെയും റീച്ചുകൾ കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിലെ രേഖപ്പെടുത്തലുകൾ തികച്ചും അശാസ്ത്രീയമാണ്. ഏതെങ്കിലും ഒരാളുടെ വീടുമുതൽ മറ്റൊരു വീടുവരെ എന്നോ ഒരു റോഡിന്റെ ബാക്കി ഭാഗം പ്രവൃത്തി എന്നിങ്ങനെയോ ആയാണ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. റോഡ് മാപ്പ് തയ്യാറാക്കി, എസ്റ്റിമേറ്റുകളിൽ കൃത്യമായ റീച്ചുകൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പ്ലാസ്റ്റിക് ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി

2017-18 മുതൽ യൂസർഫീസ് നിശ്ചയിച്ച് പ്ലാസ്റ്റിക് ശേഖരണം നടത്തുന്നുണ്ട്. 2021 ഫിബ്രവരി മാസം കരട് നിയമാവലി പ്രസിദ്ധീകരിക്കാൻ തീരുമാനിക്കുകയും പ്ലാസ്റ്റിക് വേസ്റ്റ് മാനേജ് മെന്റ് ബൈലോ 13.07.21 ലെ 5/2021 തീരുമാനത്തിൽ ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നും ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നിലവിൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റെ തൊട്ടടുത്തുള്ള മൃഗാശുപത്രി കെട്ടിടത്തിന്റെ അനുബന്ധമായി പണിത താല്ക്കാലിക ഷെഡിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിലെ പഴയ രേഖകൾ ഉൾപ്പെടെയുള്ളവ സൂക്ഷിച്ചിരിക്കുന്ന മുറിയുടെ പുറത്തായി ഷട്ടർ തുറക്കാൻ പോലും കഴിയാത്ത അവസ്ഥയിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായേക്കാം. മെറ്റീരിയൽ കളക്ഷൻ സെന്ററിലേക്ക് മാലിന്യങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് പ്രസ്തുത ഏജൻസി വീടുകളിൽ നിന്നും 50രൂപയാണ് യൂസർഫീസിനത്തിൽ ഈടാക്കി വരുന്നത്. പിരിച്ചെടുക്കുന്ന തുക പ്ലാസ്റ്റിക്ക് ശേഖരണം നടത്തുന്നവർ തന്നെ എടുക്കുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിൽ നിന്നും രശീതി പ്രിന്റ് ചെയ്ത് നല്കിയിട്ടുണ്ടെങ്കിലും ആയതിന്റെ ഉപയോഗം നിരീക്ഷിക്കപ്പെടുന്നില്ല. ഇതു സംബന്ധിച്ച വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിലെ ഇ വേസ്റ്റ് ഉൾപ്പെടെയുള്ള സാധനങ്ങൾ ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-30 മഹമൂദ് റോഡിൽ റിസ്റ്റോറേഷൻ റീ ടാറിംഗ്- പിഴ ഈടാക്കിയതിൽ കുറവു വന്നതും മറ്റ് അപാകങ്ങളും-1422 രൂപ ഈടാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ 140/20,122/21, മഹമൂദ് റോഡിൽ റിസ്റ്റോറേഷനും റീടാറിംഗും

അടങ്കൽ ₹800000-തനതു ഫണ്ട്

ചെലവ്

₹566218(ചെക്ക് നമ്പർ 5742237/10.03.21)

കരാറുകാരൻ ശ്രീ മുഹമ്മദ് കുഞ്ഞി എം കെ(എസ്റ്റിമേറ്റ് നിരക്ക്)

എഗ്രീഡ് പി എ സി ₹647767

എം ബുക്ക് നമ്പർ 48/20

എഗ്രിമെന്റ് 8/എ ഇ/വി പി എം/ 20-21 തീയതി 23.07.2020

1.റസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവു വന്നത്

കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കട്ട് ചെയ്ത റോഡ് പുനസ്ഥാപിക്കുന്നതിനും റീടാറിംഗ് നടത്തുന്നതിനും വേണ്ടിയാണ് ഈ പദ്ധതി തയ്യാറാക്കിയത്. പൈപ്പ് ലൈൻ ദീർഘീകരണം ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയായിരുന്നു. റോഡ് റിസ്റ്റോറേഷൻ നടത്തുന്നതിനുമായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റിസ്റ്റോറേഷൻ നടത്തുന്നതിന് യഥാർത്ഥത്തിൽ ആവശ്യമായ തുകയാണ് ,627000രൂപ , കണക്കാക്കി നല്കിയിട്ടുള്ളത്. ചീഫ് എഞ്ചിനീയറുടെ 30.03.19 ലെ സർക്കുലർ നമ്പർ സി ഇ /ആർ&ബി/ജി എൽ -ആർസി/2/2019 ൽ നിർദ്ദേശിച്ച നിരക്കിൽ തുക ഈടാക്കിയിട്ടില്ല.

സർക്കുലർ പ്രകാരം ഈടാക്കേണ്ട തുക 265*1*3090.57/എം2( 20എം എം ഓപ്പൺ ഗ്രേഡഡ് ചിപ്പിംഗ് കാർപ്പറ്റ് സർഫസ്) =819001 രൂപയാണ്. റോഡ് റസ്റ്റോറേഷൻ പ്രവൃത്തി നടത്താൻ ഈടാക്കിയ തുക പര്യാപ്തമായതിനാൽ ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ നഷ്ടം വന്നിട്ടില്ല.

വാട്ടർ അതോറിറ്റി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും റസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും അധികച്ചെലവ് വന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ലൈൻ നീട്ടൽ പ്രവൃത്തിക്കു വേണ്ടി വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് റസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തിൽ അടവാക്കിയ തുക തന്നെയാണ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റ് ഇനത്തിൽ വാങ്ങിയ തുകയിൽ ഉൾപ്പെടുത്തിയതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

2.ഗ്രാമപഞ്ചായത്ത് പദ്ധതി

265 മീറ്റർ നീളത്തിലും 1 മീറ്റർ വീതിയിലും റസ്റ്റോറേഷൻ നടത്താനായി 265മീറ്റർ നീളത്തിലും 1 മീറ്റർ വീതിയിലും മൺപണി,അതേ സ്ഥലത്ത് 30സെ മീ കനത്തിൽ ജി എസ് ബി, 30സെ മീ കനത്തിൽ ഡബ്ല്യു എം എം എന്നിവയും മുഴുവൻ നീളത്തിലും 3 മീറ്റർ വീതിയിലും റീടാറിംഗുമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷമുള്ള സൈറ്റ് കണ്ടീഷൻ വ്യക്തമാക്കുന്ന എസ്റ്റിമേറ്റ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. (ഹാജരാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രസ്തുത വിവരം ഉൾപ്പെടുത്തിയിട്ടില്ല)

3.കരാർ ചമക്കാൻ കാലതാമസം- പിഴ ഈടാക്കിയതിൽ കുറവ് വന്നത്-1422രൂപ ഈടാക്കേണ്ടതാണ്.

സെലക്ഷൻ നോട്ടീസ് നല്കിയത് 02.07.2020 നം (ഇ മെയിൽ ചെയ്തത്) എഗ്രിമെന്റ് വച്ചത് 23.07.2020 നം ആണ്. എഗ്രിമെന്റ് വെക്കാൻ കാലതാമസം വരുത്തിയതിന് 5056 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. ആയത് ആകെ പ്രവൃത്തി മൂല്യത്തിന്റെ (505552രൂപ) 1% ആണ്. എഗ്രീഡ് പി എ സിയുടെ 1% ഈടാക്കുന്നതിന് പകരം ആകെ പ്രവൃത്തി മൂല്യത്തിന്റെ 1% ഈടാക്കിയതിനാൽ ഈയിനത്തിൽ 1422 രൂപയുടെ കുറവ് വന്നിട്ടുണ്ട്.ആയത് കരാറുകാരനിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തു ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-31 ഇന്ത്യൻ ഓവർസീസ് ബാങ്ക് പിൻവലിക്കൽ പരിധി ലംഘിച്ചതിനാൽ ടി ഡി എസ് ഈടാക്കിയത്- തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വൗച്ചർ നമ്പർ 22000153/30.05.2020 6,20,026രൂപ

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രണ്ട് അക്കൗണ്ടുകളാണ് ഓഡിറ്റ് വർഷം ഇന്ത്യൻ ഓവർസീസ് ബാങ്കിൽ ഉള്ളത്. (അക്കൗണ്ട് നമ്പർ 11827,10055). ഇതിൽ അക്കൗണ്ട് നമ്പർ 11827 ൽ നിന്നും 6,20,026രൂപ ഇൻകം ടാക്സ് സെക്ഷൻ 194എൻ പ്രകാരം ടി ഡി എസ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. (31001300രൂപയുടെ 2% എന്നാണ് ബാങ്കിൽ നിന്നും ലഭ്യമാക്കിയ പത്രികയിൽ രേഖപ്പെടുത്തിയത്- ഇത്രയും തുക 1.09.19 മുതൽ 31.03.2020 വരെ ക്യാഷായി പിൻവലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.)

സെക്ഷൻ 194 എൻ ൽ 1കോടി രൂപയിൽ കവിയുന്ന ക്യാഷ് പിൻവലിക്കലുകളാണ് ടി ഡി എസ് ന് പരിഗണിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ "ഗവൺമെന്റ്" ഒഴിവാക്കപ്പെട്ട വിഭാഗത്തിൽ ഉൾപ്പെടുന്നതുമാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനം ഈ കാറ്റഗറിയിൽ പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

റിട്ടേൺ ഫയൽ ചെയ്ത്, ടി ഡി എസ് ഇനത്തിൽ ഈടാക്കിയ തുക തിരിച്ച് കിട്ടുന്നതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്. 2019 സെപ്റ്റംബർ 1 മുതലാണ് പ്രസ്തുത നിയമത്തിന് പ്രാബല്യം നല്കിയിരിക്കുന്നത്. ഐ ഒ ബിയിലെ അക്കൗണ്ടുകളിൽ നിന്നും പ്രസ്തുത തീയതിക്ക ശേഷം ക്യാഷായി പിൻവലിച്ച തുക കണക്കാക്കി ഒരു കോടിയിൽ കവിഞ്ഞുള്ള ക്യാഷ് പിൻവലിക്കലിന് മാത്രമാണോ ടി ഡി എസ് ഈടാക്കിയതെന്നും ഉറപ്പു വരുത്തേണ്ടതാണ്.

അപാകങ്ങൾ പരിഹരിക്കേണ്ടതിലേക്കായി 620026രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 3/20-21 തീയതി 17.07.21 ന് നല്കിയ മറുപടിയോടൊപ്പം ബാങ്കിൽ നിന്നും ലഭ്യമാക്കിയ ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്)

## 1-32 ദുരന്ത നിവാരണ പദ്ധതി -അവലോകനം

14/05/2019 ലെ തീരുമാനം നമ്പർ 9/1 ൽ ജില്ലാതല ദുരന്ത നിവാരണ സമിതിയുടെ 24/04/19 ലെ നിർദ്ദേശ പ്രകാരം പ്രസിഡണ്ട് ചെയർമാനും സെക്രട്ടറി കൺവീനറുമായി ദുരന്തനിവാരണ കമ്മറ്റി രൂപീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ പദ്ധതി രേഖ 10/03/2020 തീയതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 20.02.2020 ലെ ഭരണസമിതി തീരുമാനം നമ്പർ 3/1 പ്രകാരം 2020-21 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള ദുരന്ത നിവാരണ പദ്ധതിരേഖ അംഗീകരിക്കുകയും 5.03.2020 ന് ദുരന്ത നിവാരണ വികസന സെമിനാർ നടത്തുകയും ചെയ്തിട്ടുണ്ട്. ദുരന്ത നിവാരണ പദ്ധതി രേഖയിൽ എമർജൻസി റസ്പോൺസ് ഉൾപ്പെടെയുള്ള വിവിധ ടീമുകളും കമ്മറ്റികളും രൂപീകരിക്കപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 14.07.21 | കെ.എസ്.എ./കെ.എൻ.ആർ./സി.5/770/21 തീയതി 17.08.2021 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, 89/21 | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 84070 | പെയിൻ&പാലിയേറ്റീവ് കെയർ, 14/21 | 84070 | 0 |
| ആകെ | | 384070 | | 384070 | |
| ജില്ലാപഞ്ചായത്ത് | 2020-21 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തിൽ നിന്ന് തുകയൊന്നും ലഭിച്ചിട്ടില്ല | | | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.(*)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ , ബിൽ , ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി ,അഴീക്കോട് | തെരുവുവിളക്ക് സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പുതിയ ലൈൻ വലിക്കൽ,79/21 | 22000329/10.08.2020 | 7783 | 7783 | 0 |
| കെ എസ് ഇ ബി വളപട്ടണം | തെരുവുവിളക്ക് സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പുതിയ ലൈൻ വലിക്കൽ,101/21 | 22000755/28.12.2020 | 82149 | 82149 | 0 |

(*)ഓഡിറ്റ് റിക്വിസിഷന് നല്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം/ഇൻവെസ്റ്റ്മെന്റ്

ഗ്രാമപഞ്ചായത്തിന് വളപട്ടണം സർവ്വീസ് സഹകരണ ബാങ്കിൽ 20978322 രൂപയുടെ സ്ഥിരനിക്ഷേപമുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപങ്ങൾ | 10000000 |
| തൻവർഷം നിക്ഷേപിച്ച തുക | 10000000 |
| പലിശ | 978322 |
| ആകെ | 20978322 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരങ്ങൾ

| എഫ് ഡി നമ്പർ തീയതി | തുക | പലിശനിരക്ക് | കാലയളവ് | അക്രൂഡ് ഇന്ററസ്റ്റ് | ആകെ |
|---|---|---|---|---|---|
| 100977/27.12.2019 | 10000000 | 7.75% | 365ദിവസം | 978322 | 10978322 |
| 101662/16.04.2020 | 10000000 | 7.75% | 365 ദിവസം | ചേർത്തിട്ടില്ല | 10000000 |
| | | | | ആകെ | ₹20978322 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2006-2007 | 3-8(2) | 2009-10 | ആധുനിക അറവുശാല 24.91 ലക്ഷം രൂപ പാഴായി | പ്രവർത്തനക്ഷമമായിട്ടില്ല |
| 2008-09 | 03.02.17 | 2011-12 | നിക്ഷേപപ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | പഞ്ചായത്ത് നിക്ഷേപിച്ച 2,60,000/- രൂപയിൽ 33,339/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കി തുകയായ 2,26,661/- രൂപ 04-04-15 തീയതിയിൽ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും അനർട്ട് അറിയിച്ചിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 78401902 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 91392091 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1422 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | .. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 896889 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

വരവിനങ്ങളിലുള്ള നഷ്ടം – ഗ്രാമപഞ്ചായത്ത് തല നടപടികളിലൂടെ ഈടാക്കേണ്ടത്

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-30 | 1422 | ശ്രീ ആസിഫ് എം എ, അസി.എഞ്ചിനീയർ |
| ആകെ | 1422 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 115310 | ശ്രീ പ്രീജിത്ത്.എൻ,സെക്രട്ടറി |
| 1-20 | 42153 | ശ്രീ പ്രീജിത്ത്.എൻ,സെക്രട്ടറി |
| 1-21 | 119400 | ശ്രീ പ്രീജിത്ത്.എൻ,സെക്രട്ടറി |
| 1-31 | 620026 | ശ്രീ പ്രീജിത്ത്.എൻ,സെക്രട്ടറി |
| ആകെ | ₹896889 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പ്രീജിത്ത്.എൻ, സെക്രട്ടറി | സെക്രട്ടറി,പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് | ഗസറ്റഡ് ഓഫീസേഴ്സ് ക്വാർട്ടേഴ്സ്,ക്വാർട്ടർ നമ്പർ 70,പള്ളിക്കുന്ന് |
| ശ്രീ ആസിഫ് എം എ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,ഷോർണ്ണൂർ മുനിസിപ്പാലിറ്റി | മുണ്ടവൻ കാട്ടിൽ ഹൗസ് , വെളങ്ങല്ലൂർ , തൃശ്ശൂർ-680662 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| വർഷം | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 5 |
| 1999-00 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 4 |
| 2003-04 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 7 |
| 2004-05 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 4 |
| 2005-06 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 3 |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 10 |
| 2007-08 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 3 |
| 2008-09 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 3 |
| 2009-10,10-11,11-12 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 3 |
| 2012-13 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 2 |
| 2013-14,14-15 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 9 |
| 2015-16 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 5 |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 5 |
| 2017-18 | കെ എസ് എ / കെ എൻ ആർ /സി5-858/2019 /20.06.19 | 13 |
| 2018-19 | കെ എസ് എ / കെ എൻ ആർ /സി5-22/2020(1)/26.06.2020 | 24 |
| 2019-20 | കെ എസ് എ / കെ എൻ ആർ /സി5-769/21 തീയതി | |

ഡെപ്യൂട്ടി ഡയറക്ടർ ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം3

# ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ്

| | | | |
|---|---|---|---|
| Valapattanam Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 27270261.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1877500.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 829938.00 |
| 150000000 | Sale & Hire Charges | RP-5 | 7373056.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 15294608.00 |
| 171000000 | Interest Earned | RP-9 | 497899.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2074862.00 |
| 350000000 | Other Liabilities | RP-36 | 46580366.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 226025.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 10480.00 |
| 311000000 | Earmarked Funds | RP-29 | 20246.00 |
| 340000000 | Deposits Received | RP-34 | 230713.00 |
| 350000000 | Other Liabilities | RP-36 | 172225.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2939973.00 |
| 460000000 | Loans, Advances and Deposits | RP-47 | 274011.00 |
| | Grand total | | 105672163.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3125401.00 |
| 220000000 | Administrative Expenses | RP-12 | 711967.00 |
| 230000000 | Operations & Maintenance | RP-13 | 592919.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 1805420.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 4770220.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2357742.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 932527.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 290400.00 |
| 255000000 | Maintenance Projects | RP-20 | 2229621.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 33803.00 |
| 280000000 | Prior Period item | RP-26 | 161536.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 52190592.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 621837.00 |
| 280000000 | Prior Period Item | RP-26 | -7000.00 |
| 340000000 | Deposits Received | RP-34 | 84624.00 |
| 350000000 | Other Liabilities | RP-36 | 2189290.00 |
| 410000000 | Fixed Assets | RP-38 | 7048065.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 420000000 | Investments | RP-41 | 10000000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1319447.00 |
| 460000000 | Loans, Advances and Deposits | RP-47 | 933680.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 14280072.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 105672163.00 |

Valapattanam Grama Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5103353.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 382366.00 |
| 140000000 | Fee & User Charges | I-4(b) | 1015238.00 |
| 150000000 | Sale & Hire Charges | I-5(b) | 7373056.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 32904333.00 |
| 170000000 | Income from Investments | I-7 | 978322.00 |
| 171000000 | Interest Earned | I-8 | 497899.00 |
| 180000000 | Other Income | I-9 | 10480.00 |
| | Total Income | | 48265047.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11860771.00 |
| 220000000 | Administrative Expenses | I-11(b) | 711967.00 |
| 230000000 | Operations & Maintenance | I-12(b) | 689967.00 |
| 240000000 | Interest & Finance Charges | I-13 | 621837.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2650316.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 5334420.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2597432.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 932527.00 |
| 254000000 | Expenditures of Transfered Institutions and State | I-14(d) | 14409100.00 |

| | | | |
|---|---|---|---|
| | Sponsored Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 2229621.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 33803.00 |
| 270000000 | Provisions and Write off | I-16 | 130.00 |
| 272000000 | Depreciation | I-17(a) | 2760961.00 |
| | Total Expenditure | | 44832852.00 |
| | Gross Surplus/ Deficit of income over Expenditure | | 3432195.00 |
| 280000000 | Prior Period Item | I-18 | 460365.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2971830.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Valapattanam Grama Panchayath

Balance Sheet as on 31.03.2021

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| 310000000 | LIABILITIES<br>Reserve& Surplus | B-1 | 37848097.47 |
| 310000000 | Muncipal (General) Fund [Code No 310] | B-1 | 37848097.47 |
| 311000000 | Earmarked Funds | B-2 | 93435.00 |
| 312000000 | Reserves | B-3 | 16413188.00 |
| | Total Reserve& Surplus | | 54354720.47 |
| 320000000 | Grants,Contributions for specific purposes<br>Grants, Funds & Contributions for Specific Purposes | B-4 | 1982278.00 |
| | Total Grants,Contributions for specific purposes | | 1982278.00 |
| 340000000 | Current Liabilities and Provisions<br>Deposits Received | B-7 | 1066148.07 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 3304498.96 |
| | Total Current Liabilities and Provisions | | 4370647.03 |
| 410000000 | TOTAL LIABILITIES | B-11 | 60707645.50 |
| | ASSETS | | |
| | Fixed Assets | | |
| | Fixed Assets | | 32126816.00 |
| 411000000 | Accumulated Depreciation | B-11 | (9775864.00) |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 22350952.00 |
| 420000000 | Investments<br>Investments | B-12 | 20978322.00 |
| | Total Investments | | 20978322.00 |
| 431000000 | Current Assets,Loans and Advances<br>Sundry Debtors (Receivables) | B-15 | 1764552.50 |

| | | | |
|---|---|---|---|
| 450000000 | Cash and Bank balance | B-17 | 14280072.00 |
| 460000000 | Loans, Advances and Deposits | B-18 | 1333747.00 |
| | Total Current Assets,Loans and Advances | | 17378371.50 |
| | TOTAL ASSETS | | 60707645.50 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ.